**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. *129

13.06.2014-ലെ മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വകമാറ്റൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.കെ.രാധാകൃഷ്ണൻ<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.വി.ചെന്താമരാക്ഷൻ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) തൊഴിലുറപ്പ് പദ്ധതിയുടെ കുടിശ്ശികവേതനം വിതരണം ചെയ്യുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വകമാറ്റാൻ സർക്കാർ നിർദ്ദേശം നൽകിയിരുന്നുവോ ;<br><br>ബി) ഫണ്ട് വകമാറ്റിയതുമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;<br><br>സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവച്ചിട്ടുള്ള ഫണ്ട് മറ്റാവശ്യങ്ങൾക്ക് വകമാറ്റുന്നത് ചട്ടങ്ങൾക്ക് വിധേയമാണോ ; വിശദമാക്കുമോ ? | പഞ്ചായത്തുകളുടെ അക്കൗണ്ടിൽ 2013-14 വർഷം ചിലവാകാൻ സാധ്യതയില്ലാത്ത മെയിന്റനൻസ് ഫണ്ട് മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ വേതനം നൽകുന്നതിന് താത്ക്കാലികമായി വകമാറ്റം നടത്തുന്നതിനും കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറക്ക് തിരികെ പഞ്ചായത്തുകൾക്ക് നൽകുന്നതിനും ഉത്തരവ് നൽകിയിരുന്നു. ചിലവാകാൻ സാധ്യതയില്ലാത്ത തുകയാണ് താത്ക്കാലികമായ വകമാറ്റം നടത്താൻ നിർദ്ദേശിച്ചത്. കൂടാതെ അത് തിരികെ പഞ്ചായത്തുകൾക്ക് ലഭ്യമാക്കാനും ഉത്തരവായിട്ടുണ്ട്. ധനക്രമീകരണം മാത്രമാണ് നടത്തുന്നത്. ആയതിനാൽ ചട്ടലംഘനങ്ങളും മറ്റും ഉള്ളതായി കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ